



# ക്രിസ്തുശിഷ്യത്വം – ഒരു ബലിജീവിതം

(മത്തായി 20:17 – 28; റോമ 7:14 – 25; ഉൽപ. 7:6 – 24; ജോഷ്വാ 5:13 – 6:5)

ബ്ര. ജിയോ പുത്തൻപുരയ്ക്കൽ MCBS

Vol. 10, Issue: 43

പ്രാർത്ഥനയും ഉപവാസവും പ്രായശ്ചിത്തവും വഴി നോമ്പുകാലത്തിന്റെ മൂന്നാം ഞായറാഴ്ചയെ വരവേൽക്കുമ്പോൾ ജറുസലേമിലേയ്ക്കുള്ള യാത്രയിൽ തന്റെ പീഡാനുഭവത്തെയും ഉത്ഥാനത്തെയും കുറിച്ച് മൂന്നാം പ്രവചനം നടത്തുന്ന ക്രിസ്തുവിനെ ഇന്നത്തെ സുവിശേഷത്തിൽ നാം കണ്ടുമുട്ടുന്നു. തുടർന്നുള്ള വചനഭാഗത്ത് നാം വായിക്കുന്നത് രാജാവായ ക്രിസ്തുവിന്റെ ഇരുവശങ്ങളിലുമായിരിക്കാനുള്ള ആഗ്രഹവുമായി എത്തുന്ന സെബദിപുത്രന്മാരെയാണ്.

വി. ക്രിസോസ്തോം ഈ യാചനയെപ്പറ്റി പറയുക, ‘അസമയത്തുള്ള യാചന’ എന്നാണ്. കാരണം, അവർ യാചിക്കുന്നതെന്തെന്ന് അവർക്ക് അറിവില്ലായിരുന്നു. എന്തെന്നാൽ, മത്സരം തുടങ്ങുന്നതിനുമുമ്പേ ആനുകൂല്യങ്ങൾക്കും ബഹുമതികൾക്കുംവേണ്ടി അവർ യാചിക്കുന്നു. ‘ഇടിമുഴക്കത്തിന്റെ പുത്രന്മാർ’ എന്ന് ഗുരുവിനാൽ വിശേഷിപ്പിക്കപ്പെട്ട ശിഷ്യന്മാർ മറ്റുള്ളവരേക്കാളധികം പരിശ്രമശാലികളും കഠിനാദ്ധ്വാനികളുമാകേണ്ട അവസരത്തിലാണ് ഇപ്രകാരമൊരു യാചനയുമായി മുന്നോട്ടുവരിക. ക്ലേശങ്ങളുടെയും പോരാട്ടങ്ങളുടെയും സമയത്ത് സമ്മാനങ്ങൾക്കും കിരീടങ്ങൾക്കുംവേണ്ടി യാചിക്കുന്ന രണ്ട് ക്രിസ്തുശിഷ്യരെയാണ് നമുക്കിവിടെ കാണാനാവുക.

മൂന്നുവർഷം കൂടെനടത്തി കഥകളിലൂടെയും ഉപമകളിലൂടെയും ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ പറഞ്ഞുകൊടുത്തപ്പോഴും ശിഷ്യരുടെ ആഗ്രഹങ്ങളിലും സ്വപ്നങ്ങളിലും നിറഞ്ഞുനിന്നത് അവൻ ചെയ്ത അടയാളങ്ങളും അത്ഭുതങ്ങളും മഹത്വീകൃതമായ താബോർ അനുഭവങ്ങളുമൊക്കെയാണ്. അതുകൊണ്ടാണ് ക്രിസ്തുവിന്റെ ദൈവരാജ്യസങ്കൽപങ്ങളെ ഗ്രഹിക്കത്തക്കവിധം മനസ്സു തുറക്കാത്ത ക്രിസ്തുശിഷ്യരെ നാം ഇവിടെ കാണുക.

കുരിശിനെയും പീഡാനുഭവത്തെയും പറ്റി ആദ്യം സംസാരിക്കുമ്പോൾ ‘ഇത് നിനക്ക് സംഭവിക്കാതിരിക്കട്ടെ’ എന്നുപറഞ്ഞ് അവനെ തടയുന്ന ശിഷ്യപ്രമുഖനായ പത്രോസിനെ നാം കാണുന്നുണ്ട്. ഗുരുവിനോടുള്ള ഇഷ്ടം കൊണ്ടാണ് അവൻ അത് പറയുക. പക്ഷേ, തന്നെ സ്നേഹിക്കുകയും തന്റെ കുരിശുമരണത്തെ തള്ളിപ്പറയുകയും ചെയ്യുന്ന ശിഷ്യനെ ക്രിസ്തു അഭിസംബോധന ചെയ്യുന്നത് ‘സാത്താൻ’ എന്നാണ്. ക്രിസ്തുവിന്റെ മൂന്നാം പ്രവചനസമയത്ത് ആരും അവനെ എതിർക്കുന്നില്ല. എന്നാൽ, എല്ലാറ്റിനെയും അതിജീവിക്കുന്ന മഹത്വീകൃതനായ ക്രിസ്തു മാത്രമാണ് അവരുടെ വിഷയം. അതുകൊണ്ടാണ് വി. അഗസ്റ്റിൻ പറയുന്നതുപോലെ, “മഹത്വത്തിനുവേണ്ടി യാചിക്കുന്ന” ക്രിസ്തുശിഷ്യരെ

നാം കാണുക. വി. അഗസ്റ്റിന്റെ വാക്കുകളിൽ 'ഉന്നതി ക്കു മുമ്പേ താഴ്മയെ പുൽകാനാണ്' ക്രിസ്തു ആഗ്ര ഹിച്ചത്. താഴ്‌വരയിലൂടെ ഉന്നതിയിലേയ്ക്ക് വഴിയൊരു ക്കുവാനാണ് അവിടുന്ന് തയ്യാറായത്.

ഒരിക്കലും അവസാനിക്കാത്ത ആവശ്യങ്ങളുടെ ലിസ്റ്റു മായി ദൈവസന്നിധിയിലെത്തുന്ന ഭക്തന്മാരുടെ ചിത്രം സെബദീപുത്രന്മാരിൽ കാണാൻ സാധിക്കും. ദൈവത്തെ സ്നേഹിക്കുന്നതിൽ പോലും ഒരു സ്വാർത്ഥത, നമ്മുടെ ആവശ്യങ്ങൾ നിവർത്തിയാക്കാനുള്ള തൃഷ്ണ, കടന്നു കൂടിയിട്ടില്ലേയെന്ന് വിചിന്തനം ചെയ്യാനുള്ള അവസരം കൂടിയാണിത്. എന്നാൽ, ആഗ്രഹങ്ങളും ആവശ്യങ്ങളും അവസാനിക്കാത്തിടത്തോളം മനുഷ്യജീവിതം എന്നും ദുഃഖപൂർണ്ണമായിരിക്കുമെന്നതാണ് വാസ്തവം.

''നിയമം ആത്മീയമാണെന്നു ഞാൻ അറിയുന്നു. എന്നാ ൽ, ഞാൻ പാപത്തിന് അടിമയായി വിൽക്കപ്പെട്ട ജഡി കനാണ്. അതുകൊണ്ടാണ് ഇച്ഛിക്കുന്ന നന്മ പ്രവർ ത്തിക്കാനാകാതെ ഇച്ഛിക്കാത്ത തിന്മ ഞാൻ ചെയ്തു പോകുന്നത്'' - പൗലോസ് ശ്ലീഹായുടെ ഈ വാക്കുക ളിൽ ഒരു മനുഷ്യൻ അറിഞ്ഞും അറിയാതെയും ജീവി താവസാനം വരെ അയാളെ ബന്ധിച്ചിരിക്കുന്ന തിന്മയു ടെ പ്രവണതകളും ജഡികാസക്തികളും വ്യക്തമാണ്. തിന്മ കൊണ്ടു നിറഞ്ഞ ഒരു ലോകം വെള്ളപ്പൊക്കത്തി ൽ സമൂലം നശിപ്പിക്കപ്പെടുന്ന അവസരത്തിൽ, നവീ കൃതമായ ഒരു ലോകം പണിതുയർത്താൻ ദൈവം തിര ഞ്ഞെടുത്തത് വിശ്വസ്തനും നീതിമാനുമായ നോഹയെ യാണ്. തിന്മയോട് കൂട്ടുചേരാതെ ദൈവത്തിന്റെ ദാസ നായി ജീവിച്ച നോഹ നിർമ്മിച്ച പേടകത്തിലൂടെ ഒരു തലമുറ രക്ഷപ്രാപിച്ചു.

ഇപ്രകാരം ദാസന്മാരാകാനുള്ള ഒരു വിളി ഇന്നത്തെ സുവിശേഷം നമുക്ക് നൽകുന്നുണ്ട്. ഉന്നതസിംഹാസ നങ്ങളും ഒന്നാം സ്ഥാനവുമാഗ്രഹിച്ച ശിഷ്യരോട് ക്രിസ്തു പറയുക, വലിയവനും ഒന്നാമനുമാകാൻ ആഗ്രഹിക്കു ന്നെങ്കിൽ ശുശ്രൂഷകനും ദാസനുമാകുക എന്നാണ്. ഇവിടെയെല്ലാം ക്രിസ്തുശിഷ്യൻ തന്റെ തന്നെ ആഗ്ര ഹങ്ങളെയാണ് കീഴ്പ്പെടുത്തുക.

ക്രിസ്തുശിഷ്യത്വം യുദ്ധം ചെയ്യാനുള്ള വിളിയാണ്. ഈ ലോകത്തിന്റെ ദുരാശകളോടും നമ്മോടു തന്നെയും യുദ്ധം ചെയ്യാനുള്ള വിളി. ബലഹീനനായ മനുഷ്യന്റെ മുമ്പിൽ ബലമായി ദൈവം അയയ്ക്കുന്ന കർത്താവിന്റെ സൈന്യാധിപനെപ്പറ്റി ജോഷ്വായുടെ പുസ്തകത്തിൽ നാം വായിച്ചുകേട്ടു. കൈകൾ ഉയർത്തിപ്പിടിച്ചു നിൽ ക്കുന്ന ജോഷ്വായുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന സൈ ന്യാധിപൻ അവനോട് ആവശ്യപ്പെടുക 'ചെരുപ്പുകൾ അഴിച്ചുമാറ്റുക' എന്നാണ്. ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ ക്ക് അനുയോജ്യമല്ലാത്ത സകലതും പരിത്യജിക്കുന്നവർ ക്കേ ഈ പോരാട്ടത്തിൽ വിജയിക്കാൻ സാധിക്കൂ എന്ന് ഈ സംഭവം നമ്മെ ഓർമ്മപ്പെടുത്തുകയാണ്.

ദാസനും വിനീതനുമാകാൻ ക്രിസ്തു പറയുന്നിടത്ത് അവൻ ആഗ്രഹിക്കുക നമ്മുടെ ജീവിതത്തിനു പിന്നിൽ ഒരു ബലി ഉണ്ടാകണമെന്നതാണ്. കുരിശാകുന്ന കാസ പാനം ചെയ്യാനും രക്തസാക്ഷിത്വമാകുന്ന സ്നാനം സ്വീ കരിക്കാനും തന്റെ വത്സലശിഷ്യരെ ക്ഷണിക്കുന്ന ക്രി സ്തു ജറുസലേമിലേയ്ക്ക് നടന്നത് അജ്ഞതയോടെ യല്ല. മറിച്ച്, കുരിശിലേയ്ക്കാണ് നടന്നുനീങ്ങുന്നതെന്ന ഉത്തമബോധ്യം അവനുണ്ടയിരുന്നു.

ക്രിസ്തു നമ്മെ സ്നേഹിച്ചില്ലായിരുന്നെങ്കിൽ കുരിശാ കുന്ന നഷ്ടവും ആകുലതകളും അവന് ഉണ്ടാകുമാ യിരുന്നില്ല. പക്ഷേ, സ്നേഹം ക്രൂശിക്കപ്പെട്ടപ്പോൾ അത് നമ്മുടെ രക്ഷയ്ക്കു കാരണമായി. ഒന്നിന്റെയും കുറവി ല്ലാത്ത ദൈവത്തിന് ഇതൊന്നും ചെയ്യേണ്ട ആവശ്യമി ല്ലായിരുന്നു. എന്നാൽ, അവൻ തന്നെത്തന്നെ ശൂന്യവ ത്കരിച്ചപ്പോൾ അവിടുത്തെ രാജ്യം വിസ്തൃതമായി. അ ങ്ങനെയെങ്കിൽ നമ്മെത്തന്നെ ശൂന്യവത്കരിക്കാൻ നാം എന്തിന് ഭയപ്പെടുന്നുവെന്ന ചോദ്യം ഇന്നേദിവസം തിരു സഭ നമ്മുടെ മുമ്പിൽ വയ്ക്കുന്നുണ്ട്.

2015 ഫെബ്രുവരി 15 - ാം തീയതി, 21 കോപ്റ്റിക് ക്രിസ് ത്യാനികൾ ലിബിയായിലെ ഭീകരരാൽ വധിക്കപ്പെടുന്ന ദൃശ്യം സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കപ്പെട്ടപ്പോൾ ലോകം നടുങ്ങി. ''നിങ്ങളെ കൊല്ലുന്ന ഏവനും ദൈവ ത്തിന് ബലിയർപ്പിക്കുന്നുവെന്ന് കരുതുന്ന സമയം വരുന്നു'' എന്ന ക്രിസ്തുവചനം അക്ഷരാർത്ഥത്തിൽ അന്വർത്ഥമാക്കപ്പെടുമ്പോഴും ഈ കാലഘട്ടത്തിൽ ആശ ങ്കകളില്ലാതെ ക്രിസ്തുവിന്റെ അനുയായി എന്ന് വിളി ക്കപ്പെടാൻ ഇപ്പോഴുള്ള നമ്മുടെ വീര്യം മതിയോ എന്ന് ഈ സംഭവം നമ്മോടു ചോദിക്കുന്നു. ശൂന്യമാക്കിയ വന്റെ ബലിയിൽ നിന്ന് അവന്റെ ശരീരവും രക്തവും സ്വീകരിച്ചുകൊണ്ട് മറ്റുള്ളവർക്കായി മുറിയപ്പെടാൻ നമുക്ക് പരിശ്രമിക്കാം.

വിശുദ്ധിയുടെയും സഹനത്തിന്റെയും ഭാഷ അന്യമാ കുന്ന ബാബേൽ ഗോപുരങ്ങളായി അഭിരമിച്ചുകൊണ്ടി രിക്കുന്ന ഈ ലോകത്തിൽ ക്രിസ്തുവിന്റെ മുഖം കണ്ട് ജീവിക്കാനും വിശ്വസ്തതയോടെ രക്തസാക്ഷിത്വത്തോ ളം എത്തിനിൽക്കുന്ന മാറ്റേറിയ വിശ്വാസം സ്വന്തമാക്കാ നും സർവ്വേശ്വരൻ നമ്മെ അനുഗ്രഹിക്കട്ടെ.

യുദ്ധം ചെയ്യുക, വിജയം നൽകുന്നത് കർത്താവാണ്. നല്ല ക്രിസ്തുശിഷ്യരാകാനുള്ള കൃപയ്ക്കായി ഈ വി ശുദ്ധ ബലിയിൽ നമുക്ക് തീക്ഷ്ണതയോടെ പ്രാർത്ഥി ക്കാം.